
**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## സ്വർഗം കയ്യെത്തിപ്പിടിച്ച നേരം




സഹനത്തെക്കുറിച്ച് നാം ഒരുപാട് ധ്യാനിച്ചിട്ടുണ്ട്. മറ്റുള്ളവർ സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ നാം അവരെക്കണ്ട് സഹതപിക്കാറുണ്ട്. പ്രാർത്ഥിക്കാറുണ്ട്. എങ്കിലും നമ്മുടെ ജീവിതത്തിലേക്ക് ഈ സഹനം അരിച്ചിറങ്ങുമ്പോൾ എല്ലാവരും ഒന്ന് പതറും. അതുകൊണ്ടാണ് സഹനമെന്നത് ഒരു രഹസ്യമാണെന്ന് പറയാറുള്ളത്. എത്ര ധ്യാനിച്ചാലും പൂർണ്ണതയിലെത്താത്ത ഒരു ആത്മീയരഹസ്യം ഇതിൽ ഒളിഞ്ഞ് കിടപ്പുണ്ട്. ആത്മീയ ഫലഭ്രയിഷ്ഠതയുടെ സമ്പൂർണ്ണ രഹസ്യവും സഹനത്തിലുണ്ട്. കാരണം സഹനത്തിനുള്ളിൽ വിളവെടുപ്പിന്റെ വിത്തുണ്ട് എന്നതുകൊണ്ടാണിത്. നോമ്പിന്റെ നാലാം ദിനമായ ഇന്ന് നമ്മുക്ക് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സഹനങ്ങളോട് സമീപനമെന്തെന്ന് ചിന്തിക്കാം.

സഹനങ്ങളുടെ നെരിപ്പോടിലൂടെ തുടർച്ചയായി കടന്നുപോയിട്ടും തളരാതെ ക്രിസ്തുവിലേക്ക് നോക്കിയ തിരുവല്ലക്കാരനായ ഡോ. ജോർജ് സാമുവലിനെ കണ്ടാലും. ഇദ്ദേഹം നേരിട്ട സഹനവും അതിലൂടെ നേടിയെടുത്ത വിജയവും ക്രിസ്തുവിലേക്ക് തിരിയാൻ നമ്മെയും പ്രേരിപ്പിക്കുമെന്ന് തീർച്ചയാണ്. ജനിച്ച നാൾ മുതൽ തീവ്രനൊമ്പരത്തിന്റെ നെരിപ്പോടിലുരുകിയ മൂന്ന് ആൺമക്കൾ; അസാധാരണമായ രോഗത്തിന്റെ പിടിയിലാണ് തന്റെ മക്കളെന്ന് തിരിച്ചറിഞ്ഞിട്ടും പ്രത്യാശയോടെ ദൈവവചനത്തിന്റെ പ്രവാചകനായിമാറുകയായിരുന്ന അവരുടെ അപ്പനായ ജോർജ് സാമുവൽ.

'സിസ്റ്റിക് ഫൈബ്രോസിസ്' എന്ന രോഗമായിരുന്നു മക്കൾക്ക്. വൈദ്യശാസ്ത്രം നിസ്സഹായതയോടെ വെറുംകയ്യുംകെട്ടി നോക്കിനിൽക്കുന്ന രോഗം. മരണക്കയത്തിലേക്ക് ഈ മൂന്നുമക്കളും ഒപ്പം ജീവിതപങ്കാളിയും നടന്നുപോയിട്ടും ആ മനുഷ്യൻ തെല്ലും പതറിയില്ല, വിശുദ്ധ ഗ്രന്ഥത്തിലെ ജോബിനെപ്പോലെ അദ്ദേഹം ആ സമയത്തെല്ലാം ദൈവത്തെ സ്തുതിച്ചു. കണ്ണീരുണങ്ങാത്ത മുഖവുമായി, അദ്ദേഹത്തെ ആശ്വസിപ്പിക്കാനെത്തിയവർ നടുങ്ങി. കാരണം അവരവിടെ കണ്ടത് വിശ്വാസത്തിന്റെ ദീപ്തമാർന്ന മുഖമായിരുന്നു. അതായിരുന്നു ഡോ. ജോർജ് സാമുവൽ. പ്രതിസന്ധികളിൽ വിശ്വാസത്തിന്റെ ദീപശിഖയേന്തിയ പടയാളി; ന്യൂക്ലിയർ മെഡിസിനിലൂടെ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തിയാർജ്ജിച്ച ശാസ്ത്രജ്ഞൻ, അമേരിക്കൻ സർവ്വകലാശാലകളിൽ വിസിറ്റിംഗ് ഫാക്കൽറ്റി, ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ

അമരക്കാരൻ; എന്നിട്ടും...

'നിരാശഭരിതമായ സംഭവങ്ങളെ അഭിമുഖീകരിക്കുമ്പോൾ സംശയത്തിനോ പരാജയത്തിനോ ഒന്നുമവിടെ സ്ഥാനമില്ല. ദൈവസഹായത്താൽ ദു:ഖാനുഭവങ്ങളെ വിജയമായും, പ്രതിബന്ധങ്ങളെ വിജയമുഹൂർത്തങ്ങളായും, തീർത്തും മോശമായതിനെ ഏറ്റം മേന്മയുള്ളതായും, പ്രശ്നങ്ങളെ പദ്ധതികളായും രൂപാന്തരപ്പെടുത്താം. എന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. ബാല്യം മുതലേ സുവിശേഷത്തോടുള്ള തീക്ഷ്ണത എന്നിലുണ്ടായിരുന്നു. പഠനാനന്തരം മുംബൈയിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ ജോലി ചെയ്യുമ്പോഴും ഉപരിപഠനത്തിന് കാലിഫോർണിയായിലുള്ള ഹാർബർ സിറ്റിയിൽ ബേ ഹാർബർ ആശുപത്രിയിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ തലവനായി പ്രവർത്തിക്കുമ്പോഴും വിശുദ്ധഗ്രന്ഥപാരായണവും പ്രാർത്ഥനയും ഞാൻ ഒട്ടും കുറച്ചില്ല. ശാസ്ത്രത്തിന് പിന്നിൽ ദൈവകരങ്ങളാണെന്നു ഞാനുറച്ചു വിശ്വസിച്ചു, പഠിപ്പിച്ചു.'

പാറപോലെ ഉറച്ച ക്രിസ്തുസാക്ഷിയാകുമ്പോഴും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രതിസന്ധികളുടെ കൂടാരം ഉയരുന്നുണ്ടായിരുന്നു. ആദ്യ കൺമണിയുടെ പിറവിയോടുകൂടിയായിരുന്നു തുടക്കം. ആ സംഭവത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

'1970 ജനുവരി 21 നാണ് എന്റെ ആദ്യപുത്രൻ ജോണി ജനിക്കുന്നത്. വൈഷമ്യമൊന്നുമില്ലാത്ത സാധാരണ പ്രസവം. എന്നാൽ ഏതാനും ദിവസം കഴിഞ്ഞപ്പോൾ കുട്ടിയുടെ മൂക്കിലും വായിലും സ്രവങ്ങൾ രൂപപ്പെടാൻ തുടങ്ങി. ഒപ്പം ശ്വാസതടസവും നെഞ്ചിൽ നീർക്കെട്ടും. സാധാരണ കുഞ്ഞുങ്ങളെപ്പോലെ ജോണിക്ക് പാൽ വലിച്ചുകുടിക്കുവാൻ കഴിയാതിരുന്നതുകൊണ്ട് മൂക്കിൽക്കൂടി ട്യൂബ് ഇട്ട് ഭക്ഷണം കൊടുക്കേണ്ടതായി വന്നു. ആശുപത്രിക്കിടക്കവിട്ട് കുഞ്ഞിനെ പുറത്തേക്ക് കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥ. ഇടയ്ക്കവന്റെ ശരീരം നീലക്കളറായി. ഓക്സിജൻ വേണ്ടത്ര തലച്ചോറിൽ എത്താതെ പിണ്ഡാവസ്ഥയിലാകുന്നതുകൊണ്ടാണിത്. തുടർന്ന് കുഞ്ഞിന്റെ ചികിത്സയ്ക്ക് ഞങ്ങൾ വെല്ലൂരിലേക്ക് പോയി. മരുന്നുകൾ തുടർന്നെങ്കിലും അവന്റെ ശാരീരികസ്ഥിതിയിൽ മാറ്റമൊന്നുമുണ്ടായില്ല. ജോണിക്ക് മൂന്നു വയസ്സുള്ളപ്പോഴാണ് രണ്ടാമത്തെ മകൻ ഷെറിയുടെ ജനനം. ജോണിക്കുണ്ടായ അതേ അസുഖം തന്നെയായിരുന്നു ഷെറിയും പ്രകടിപ്പിച്ചത്. ട്യൂബിലൂടെ ഷെറിയ്ക്കും പാൽ കൊടുക്കേണ്ടിവന്നു. ശ്വസനസംബന്ധമായി തുടർച്ചയായി ഉണ്ടായ അണുബാധമൂലം ഷെറി ക്ലേശിക്കുന്നുണ്ടായിരുന്നു. മരുന്നുകൾ യഥാസമയം നല്കുകയും, വിവിധ ആശുപത്രികളിൽ ചികിത്സിപ്പിക്കുകയും ചെയ്തു. ഒരു ദിവസം അപ്രതീക്ഷിതമായി ബ്രോങ്കിയാൽ ന്യൂമോണിയ രോഗവും അവനെ ബാധിച്ചു. ഉടൻ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും അവിടെയെത്തുന്നതിനു മുമ്പ് അവൻ മരണമടഞ്ഞു.

ജോണിയുടെ രോഗവസ്ഥ ഒട്ടും കുറയാതെ തുടർന്നു. അപ്പോഴാണ് ഞങ്ങളുടെ മൂന്നാമത്തെ കുഞ്ഞിന്റെ ജനനം. റോണിയെന്ന് ഞങ്ങളവനെ വിളിച്ചു. ജോണിയുടെ രോഗംതന്നെ അവനെയും കീഴ്പ്പെടുത്തുകയായിരുന്നു. വിധിയുടെ ഈ കടുത്ത പരീക്ഷണങ്ങൾക്ക് മുന്നിൽ ആരും പകച്ചുപോകുന്ന സമയം. എങ്കിലും ഞങ്ങൾ ഒട്ടും വിളറിയില്ല. ആശ്വസിപ്പിക്കാനും, ദു:ഖം പങ്കുവയ്ക്കാനുമെത്തിയവരെ തിരുവചനങ്ങൾ പങ്കുവച്ച് ഞങ്ങൾ ധൈര്യപ്പെടുത്തി. 'സിസ്റ്റിക് ഫൈബ്രോസിസ്' ആണ് രോഗമെന്ന് പിന്നീട് വിദഗ്ധ ഡോക്ടർമാർ വിശദീകരിച്ചു. കുട്ടികളുടെ പ്രായത്തിൽ ശരീരാവയങ്ങൾ വളരുന്നതിനു പകരം ജീർണ്ണിക്കുന്ന അവസ്ഥയാണിത്. സാധാരണഗതിയിൽ 19 വയസ് വരെയാണ് ഇവരുടെ ആയുസ്. എന്നാൽ രോഗമെന്തെന്നറിയാതെ കുട്ടികളെ ഒരു പതിറ്റാണ്ടിലേറെ ശുശ്രൂഷിച്ചതിന്റെ ഫലമായി അവർക്ക് കൂടുതൽ ആഘാതമാണ് നേരിട്ടത്. ഇതുകൊണ്ടുതന്നെ അധികം വൈകാതെ രണ്ടുപേരും മരിക്കുമെന്ന് പലരും പറഞ്ഞു. മറ്റ് രോഗികൾക്ക് കൂടി അണുബാധയുണ്ടാകുമെന്ന കാരണത്താൽ കുട്ടികളെ ആശുപത്രിയിൽ നിന്ന് വിട്ടയയ്ക്കാനും അധികൃതർ തയ്യാറായി. അങ്ങനെയാണ് അവരെ ഞങ്ങളുടെ ഭവനത്തിൽ തുടർന്ന് പരിരക്ഷിക്കുന്നത്.'

' അക്കാലങ്ങളിൽ സാധിക്കുന്നതുപോലെ മക്കൾക്ക് വിദ്യാഭ്യാസം നൽകാനും ഡോ.ജോർജ്

ശ്രമിച്ചു. സ്കൂളിൽ ആറാം ക്ലാസ് വരെ പഠിപ്പിച്ചു. പിന്നെ വീട്ടിലെ റൂം തന്നെ വിദ്യാലയമാക്കി. ശരീരത്തെ തകർത്തുലയ്ക്കുന്ന വേദനകൾ പിടികൂടുമ്പോഴെല്ലാം ജോണി തന്റെ സമീപത്തിരിക്കുന്ന പേപ്പറെടുത്ത് വിറയാർന്ന കരങ്ങൾകൊണ്ട് എന്തെങ്കിലും കുത്തിക്കുറിക്കുമായിരുന്നു. അങ്ങനെയാണ് തന്റെ ജീവിതാനുഭവങ്ങളെക്കുറിച്ചും മനസ്സിൽ ഇതൾവിരിയുന്ന ആത്മീയ ചിന്തകളെക്കുറിച്ചും ജോണി എഴുതിത്തുടങ്ങിയതെന്ന് ജോർജ് സാമുവൽ പറഞ്ഞു. മൂന്നു പുസ്തകങ്ങൾ ജോണി രചിച്ചിട്ടുണ്ട്.' അദ്ദേഹം തുടർന്നു. 'ജോണി പതിനെട്ടര വയസ്സുവരെയേ ജീവിക്കുകയുള്ളൂ എന്ന കാര്യം ഞങ്ങൾ ഇടയ്ക്കിടെ ഓർക്കുമായിരുന്നു. പലപ്രാവശ്യം അവൻ മരണത്തിന്റെ വക്കോളമെത്തിയതാണ്. എങ്കിലും ഞങ്ങൾ വിശ്വാസത്തോടെ അവന്റെ 19ാമത്തെ ജന്മദിനത്തിനൊരുങ്ങി. ആ ദിവസം ഞങ്ങൾക്കൊരിക്കലും മറക്കാനാവില്ല; ദൈവകരങ്ങളിലവൻ പിന്നെയും ജീവിച്ചു; 32 വയസ്സും പത്തുമാസവും. ഇതിനിടെ അവന്റെ പല്ലുകളെല്ലാം കൊഴിഞ്ഞുപോയി. എന്നാൽ അവൻ സുന്ദരമായി ചിരിക്കുമായിരുന്നു. അവന്റെ ഇടതുകാൽ രണ്ടുതവണ മുറിച്ച് കളയേണ്ടിവന്നു. വൈദ്യശാസ്ത്രം വിധിപറഞ്ഞതിനുശേഷം കുറേ വർഷങ്ങൾകൂടി ജീവിച്ചെങ്കിലും ശരീരത്തിന്റെ പല ഭാഗങ്ങളും ജീർണ്ണിച്ചുകഴിഞ്ഞിരുന്നു.'

'ഏതു നിമിഷവും മരണവുമായുള്ള മുഖാമുഖം മുൻകൂട്ടി കണ്ടിരുന്നെങ്കിലും ദൈവത്തിന് തങ്ങളെക്കുറിച്ചൊരു വ്യക്തമായ പദ്ധതിയുണ്ടെന്ന് മക്കൾ ആശ്വസിച്ചു. അതുകൊണ്ട് ഓരോ ദിവസ വും ചെയ്യേണ്ട കാര്യങ്ങൾ അന്നന്നുതന്നെ അവർ ചെയ്തു. മരണഭയം അവരുടെ വാക്കിലോ നോക്കിലോ ഉണ്ടായിരുന്നില്ല. പക്ഷേ ദിവസത്തിന്റെ ഓരോ മിനിട്ടിലും അവരെത്തന്നെ സംരക്ഷിച്ച് കാത്തിരുന്ന അവരുടെ അമ്മ മരിച്ചപ്പോൾ ഇക്കാര്യം എങ്ങനെ അറിയിക്കുമെന്നും അവരുടെ പ്രതികരണമെന്തായിരിക്കുമെന്നുമോർത്ത് ഞാൻ ആകുലപ്പെട്ടു. ഭാര്യയുടെ മൃതശരീരം മോർച്ചറിയിലേക്ക് നീക്കുന്നതിന് മുമ്പുതന്നെ അവരെ വിവരം അറിയിക്കുവാൻവേണ്ടി ഞാൻ അവരുടെ മുമ്പാകെ വളരെ വിഷമത്തോടെ ചെന്നു നിന്നു. അമ്മ മരിച്ചെന്ന് അറിഞ്ഞപ്പോൾ ജോണി പറഞ്ഞതിങ്ങനെയാണ് 'ദൈവം അമ്മയെ വിളിച്ചത്, ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായിട്ടാണ്.' ഈ മറുപടി കേട്ടപ്പോൾ എനിക്ക് ആശ്വാസമായി. ഇളയമകൻ റോണിയും അതുതന്നെയാണ് പറഞ്ഞത്. മക്കൾക്ക് ദൈവത്തിന്റെ അത്ഭുതപ്പെടുത്തുന്ന ഇടപെടലിൽ വിശ്വാസം വർദ്ധിച്ചു. ശരീരം മരിച്ചാലും ജീർണ്ണിച്ചാലും ദൈവം ആത്മാവിനെ കരുതലോടെ സംരക്ഷിക്കുന്നതാണ് കരണീയമെന്ന് അവർ തങ്ങളെ സന്ദർശിച്ചവരോട് വിശദീകരിച്ചു.'

'റോണി മരിക്കുന്നതിന് മുമ്പുള്ള ദിവസങ്ങളിൽ അവന്റെ ധ്യാനപുസ്തകത്തിലെ ഒരു പേജിൽ ഇങ്ങനെ എഴുതി. 'നമ്മുടെ കർത്താവിനെ അടക്കിയ ശൂന്യമായ കല്ലറ നമുക്ക് നിത്യതയെക്കുറിച്ച് ഉറപ്പ് ലഭിച്ചതിന്റെ ജന്മസ്ഥലമാകുന്നു.' ഈ പ്രത്യാശയാകാം, പ്രിയപ്പെട്ടവരുടെ വേർപാടുകൾ അവരെ ദുഃഖിപ്പിക്കാതിരുന്നത്. എന്റെ ഭാര്യയുടെ മരണം കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ എന്റെ അമ്മയുടെ മരണം, അടുത്ത മൂന്നുമാസത്തിനുള്ളിൽ എന്റെ പിതാവിന്റെ മരണം. അടുത്ത മൂന്നുമാസത്തിനുശേഷം ഇളയമകൻ റോണിയും ദൈവസന്നിധിയിലേക്കെടുക്കപ്പെട്ടു. രണ്ടുവർഷം കഴിഞ്ഞ് ജോണിയും... ഈ അഞ്ച് സംസ്കാരശുശ്രൂഷകളും എന്നെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടെ ആഘോഷമായിരുന്നു. അതുകൊണ്ട് താൽക്കാലിക ജീവിതത്തിൽ എന്തിനൊക്കെ മുൻഗണന നൽകണമെന്ന് പഠിക്കുവാനും കഴിഞ്ഞു.

ഈ പരിശീലനഘട്ടത്തിൽ പ്രശ്നങ്ങളെ പദ്ധതികളായികാണാനും ദുരന്തങ്ങളെ വിജയമുഹൂർത്തങ്ങളാക്കാനും ഏറ്റവും മോശമായതെന്ന് തോന്നുന്നതിനെ ഏറ്റവും മെച്ചപ്പെട്ടതാക്കാനും നാം അഭ്യസിക്കുകയാണ്. പ്രശ്നങ്ങളും പ്രതിസന്ധികളും നമ്മെ തകർത്തുകളയുന്നതിനല്ല, പിന്നെയോ സ്വഭാവഗുണത്തിലും ജീവിതശൈലിയിലും മേന്മയുള്ളവരാക്കിത്തീർക്കുന്നതിനാണ്. നമ്മെക്കൊണ്ട് ചെയ്യുവാൻ കഴിയുകയില്ലെന്ന് മനസ്സിൽ ചിന്തിക്കുന്നത് സ്ഥിരപരിശ്രമത്തിലൂടെയും പ്രാർത്ഥനയിലൂടെയും ചെയ്യുവാൻ കഴിയണമെങ്കിൽ നാം കടുത്ത പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. എന്തിനാണ് നാമിപ്പോൾ മുൻഗണന കൊടുക്കേണ്ടതെന്ന് ജീവിതാനുഭവങ്ങൾ നമ്മോട്

വിശദീകരിക്കുന്നു. നാം നിത്യതയിലേക്ക് പ്രവേശിക്കുമ്പോൾ എന്തൊക്കെ കൊണ്ടുപോകാൻ കഴിയും എന്നുള്ള കാര്യം. യഥാർത്ഥത്തിൽ സമ്പത്തും സൗഭാഗ്യങ്ങളും ഒടുവിൽ ലഭിക്കുന്ന മൃതസംസ്കാരപേടകം പോലും നാം ഒപ്പം കൊണ്ടുപോകുന്നില്ല.എന്നാൽ നമ്മുടെ മഹത്വത്തിൽ ദൈവികനന്മകൾ ആർജിച്ചെടുത്തിട്ടുണ്ടെങ്കിൽ നാമത് കൊണ്ടുപോകും. നമ്മുടെ ജീവിതശൈലികൊണ്ടും സേവനങ്ങൾകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും നന്മകൾ മറ്റുള്ളവരിലേക്ക് സംക്രമിക്കാനിടയാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പങ്കുകൂടി നാം നിത്യതയിലേക്ക് പോകുമ്പോൾ കൂടെ കൊണ്ടുപോകും. ഇക്കാരണത്താൽ ദൈവരാജ്യവേലയെന്നത് അനേകരിൽ ദൈവികനന്മകൾ രൂപപ്പെടാൻ ഇടയാക്കുന്നതും നാം ദൈവികസ്വഭാവമുള്ളവരായിത്തീരുന്നതും മുൻഗണനാർഹമാണ്. അല്ലാത്തതെല്ലാം നമുക്ക് കൈവിടേണ്ടിവരും. വാസ്തവത്തിൽ നാമെടുക്കുന്ന തീരുമാനങ്ങളും ചെയ്യുന്ന പ്രവൃത്തികളും നമ്മെ വിളിച്ചറിയിക്കുന്നത്, ഏത് ലക്ഷ്യത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നാണ്. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിവർത്തിക്കുന്ന ലക്ഷ്യത്തിലേക്കാണോ, അതോ മറ്റെന്തെങ്കിലും ലക്ഷ്യത്തിലേക്കാണോ നാം നീങ്ങുന്നതെന്ന് ഗൗരവത്തോടെ ചിന്തിക്കണം.'

ഡോ.ജോർജ് സാമുവൽ പൂർത്തിയാക്കുകയാണ്. അദ്ദേഹത്തിന്റെ ഈ വാക്കുകൾക്ക് മുന്നിൽ വിടർന്ന മിഴികളോടെയും ദൈവസ്തുതികളോടെയുമല്ലാതെ നമുക്ക് നിൽക്കാനാകുമോ?...ഗ്രാഹ്യശക്തിക്കതീതമായ സമാധാനം ദൈവം എന്തിനാണ് നൽകുന്നതെന്ന് നാം ചിന്തിച്ചേക്കാം. നമ്മുടെ അറിവിൽ രൂപംകൊണ്ടതൊന്നും സങ്കീർണ പ്രശ്നങ്ങളിൽക്കൂടെ നാം കടന്നുപോകുമ്പോൾ അതിനെ അതിജീവിക്കാൻ പര്യാപ്തമാകയില്ല. എന്നാൽ, നമുക്ക് സഹിക്കാനും വഹിക്കാനും കഴിയുന്നതിനപ്പുറമായവയെന്ന് തോന്നുന്ന സാഹചര്യങ്ങളെ നേരിടാൻ നാം ഗ്രാഹ്യശക്തിക്കതീതമായ സമാധാനം സ്വന്തമാക്കണമെന്ന് ദൈവം ഈ നോമ്പ് കാലത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ ദൈവം തരുന്ന സമാധാനം എല്ലാ പ്രശ്നങ്ങളെയും അതിജീവിക്കാൻ നമ്മെ ശക്തരാക്കട്ടെ. ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെയാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ (ഫിലിപ്പി 4:6).

കടപ്പാട്: in.sundayshalom.com